"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് - അച്ചടി വകുപ്പ് - കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ സ്ഥിരം ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് അലവൻസും എക്സ്ഗ്രേഷ്യാ അലവൻസും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.50/2022/SPD തീയതി,തിരുവനന്തപുരം, 06-09-2022

---

പരാമർശം:-

1. 16/08/2021-ലെ സ.ഉ.(സാധാ) 1077/2021/ഉ.വി.വ. നമ്പർ ഉത്തരവ്.
2. 25/07/2022-ലെ സ.ഉ. (അച്ചടി) 74/2022/LBR നമ്പർ ഉത്തരവ്.
3. കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 03/09/2022-തീയതിയിലെ P&A3-370/2019/3788 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ സ്ഥിരം ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തെ പെർഫോമൻസ് അലവൻസും എക്സ്ഗ്രേഷ്യാ അലവൻസും പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി കഴിഞ്ഞ 18 വർഷമായി മികച്ച ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും, സർക്കാരിൽ നിന്നും യാതൊരുവിധ സാമ്പത്തിക സഹായം ലഭിക്കുന്നില്ലെങ്കിലും മുഴുവൻ ജീവനക്കാർക്കും കെ.ബി.പി.എസ്-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് പെർഫോമൻസ് അലവൻസ് നൽകിവരുന്നതെന്നും, ആയതിനാൽ ഈ വർഷം പെർഫോമൻസ് അലവൻസ് നിരക്കിൽ നേരിയ തോതിലെങ്കിലും വർദ്ധനവ് വരുത്തി 13% നിരക്കിൽ മുഴുവൻ സ്ഥിരം ജീവനക്കാർക്കും അനുവദിക്കണമെന്നും, ഇതിനായി ഏകദേശം 94 ലക്ഷം (എക്സ്ഗ്രേഷ്യ ഉൾപ്പെടെ) രൂപ കെ.ബി.പി.എസ്-ന്റെ തനതു ഫണ്ടിൽ നിന്നും നൽകാൻ ആകുമെന്നും, 2021-22 സാമ്പത്തിക വർഷത്തെ പെർഫോമൻസ് അലവൻസും, എക്സ്ഗ്രേഷ്യയും സ്വന്തം ഫണ്ടിൽ നിന്ന് നല്കുന്നതിന് അനുമതി നല്കണമെന്നും, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ സ്ഥിരം ജീവനക്കാർക്ക് 2021-22 സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് അലവൻസും (12%), എക്സ്ഗ്രേഷ്യാ അലവൻസും (800 രൂപ) പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾ/മാർഗ്ഗനിർദ്ദേശങ്ങൾക്കു അനുസൃതമായി,

ഇതിനാവശ്യമായ ഫണ്ട് കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്ന നിബന്ധനയിന്മേൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് 01/09/2022 ലെ പി.യു.സി2/122/2022-Fin നമ്പർ ധന കുറിപ്പ് പ്രകാരം.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Bindu V K**
**Date: 06-09-2022 12:26:33**

സെക്ഷൻ ഓഫീസർ